ഉത്തരം

(എ) & (ബി) ഭൂരഹിത കർഷകത്തൊഴിലാളികൾക്കായി ഒരു സൗജന്യ ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ വഴി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം മരണമടയുന്ന കർഷകത്തൊഴിലാളിയുടെ ആശ്രിതർക്ക് 2000 രൂപ (രണ്ടായിരം രൂപ) സൗജന്യ ഇൻഷ്വറൻസ് ആയി നൽകിയിരുന്നു. എന്നാൽ ഈ പദ്ധതി 1-10-2000 മുതൽ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിരിക്കുകയാണ്.

(സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് കർഷകത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നവേളയിലും, കർഷകത്തൊഴിലാളി മരണമടയുമ്പോൾ അവരുടെ ആശ്രിതർക്കും ധനസഹായം നൽകി വരുന്നുണ്ട്. ആയതിനാൽ ഇവർക്ക് പ്രത്യേകമായി ഒരു ഇൻഷ്വറൻസ് പദ്ധതി ആലോചനയിലില്ല.

പത്ത് വർഷത്തിൽ കൂടുതൽ എമ്പ്ലോയ്മെന്റിൽ രജിസ്ട്രേഷൻ പുതുക്കി വരുന്നവർക്ക് ആറുമാസത്തെ ജോലി നൽകാൻ നടപടി

50 [3499] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊത്തം ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര; ഇവരുടെ കാറ്റഗറി തിരിച്ചും, ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) 1980-ന് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; 1980-നും 2000-നും ഇടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; 2000-നുശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ എന്തൊക്കെ നടപടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഡി) 10 വർഷത്തിൽ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ചുരുങ്ങിയത് ആറ് മാസമെങ്കിലും ജോലി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ എത്ര; ഇവർക്ക് കൊടുക്കുന്നതിനുള്ള സംഖ്യ കുടിശ്ശികയാകാനുള്ള കാരണം വ്യക്തമാക്കുമോ ; കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ യോഗ്യതയ്ക്കനുസരിച്ച് രജിസ്ട്രേഷൻ സീനിയോരിറ്റി ക്രമത്തിൽ വിവിധ ജോലികൾക്കുള്ള സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കി, ഉദ്യോഗദായകർ ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് സീനിയോരിറ്റി, യോഗ്യത, പ്രായം, സംവരണം എന്നിവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തുവരുന്നു.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ 3756313 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെ കാറ്റഗറി തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†

(സി) 1980-ന് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളവർ 1285615. 2000-ൽ നിലവിലുണ്ടായിരുന്നവരുടെ എണ്ണം 3784268. ഇപ്പോഴത്തെ കണക്ക് 3756313 ആണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം നടത്തിവരികയാണ്. സ്വയം തൊഴിൽ പദ്ധതിയനുസരിച്ചു നൽകിയിരുന്ന വായ്പതുക 50,000 രൂപയിൽ നിന്ന് ഒരു ലക്ഷമായി ഉയർത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിശദാംശങ്ങൾ എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ഡി) ഉദ്യോഗദായകൻ ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് സീനിയോറിറ്റി ക്രമത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം ചെയ്തുവരുന്നത്.

(ഇ) സംസ്ഥാനത്ത് 387370 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട്. നാളിതുവരെ 3/2003 വരെയുള്ള വേതനമാണ് നൽകിയിട്ടുള്ളത്. ഫണ്ടിന്റെ കുറവാണ് കുടിശ്ശികയാകാനുള്ള കാരണം. 4/2003 മുതൽ 3/2005 വരെയുള്ള തൊഴിൽ രഹിതവേതനം നൽകുന്നതിന് 1,11,56,25,600 രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly